# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 3537

15.03.2018-ൽ മറുപടിക്ക്

**കുറഞ്ഞ മൂല്യമുള്ള മുദ്രപത്രങ്ങളുടെ ക്ഷാമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) അൻപത് രൂപ മുതൽ അഞ്ഞൂറ് രൂപ വരെ മൂല്യമുള്ള മുദ്രപത്രങ്ങൾ ലഭിയ്ക്കാത്തതുമൂലം ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്ത് പ്രാദേശികമായി 50/-, 100/- രൂപ മുദ്രപത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു.<br>500/- രൂപയുടെ മുദ്രപത്രത്തിന് 14 ലക്ഷത്തോളം സ്റ്റോക്ക് ട്രഷറികളിൽ ഉള്ളതിനാൽ ടി ഇനത്തിന് സംസ്ഥാനത്ത് ഒരിടത്തും ലഭ്യതക്കുറവ് ഉള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ? | ബി) 50/-, 100/- രൂപ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ മുദ്രപ്പത്ര ലഭ്യതയുള്ള മറ്റ് ട്രഷറികളിൽ നിന്നും മുദ്രപത്രം എത്തിച്ച് ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ കുറഞ്ഞ മൂല്യമുള്ള മുദ്രപത്രങ്ങളുടെ പുനർമൂല്യനിർണ്ണയം വഴി 50/-, 100/- രൂപ മുദ്രപത്രങ്ങൾ ലഭ്യതക്കുറവുള്ള ട്രഷറികൾക്ക് എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**